## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1648   06/03/2017 ൽ മറുപടിക്ക്

**തീയേറ്ററുകളിലെ ഡെയിലി കളക്ഷൻ റിപ്പോർട്ടിൽ തിരിമറി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ. നെല്ലിക്കുന്ന് | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** ഡെയിലി കളക്ഷൻ റിപ്പോർട്ടിൽ (ഡി. സി. ആർ.) തിരിമറി കാണിച്ച് തീയേറ്റർ ഉടമകൾ പ്രതിമാസം കോടികളുടെ നികതി വെട്ടിപ്പ നടത്തുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | **എ)** ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി സിനിമ തിയേറ്ററുകളിൽ ഈ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| **ബി)** ചില തീയേറ്ററുകളിൽ രണ്ട് കണക്കുകളാണ് സൂക്ഷിക്കുന്നതെന്ന വാർത്തയിൽ വസ്തുതയുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നിജസ്ഥിതി അറിയാൻ അന്വേഷണം ഏർപ്പെടുത്തുമോ; | **ബി)** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) നിർമ്മാതാവിനേയോ അദ്ദേഹത്തിന്റെ ഏജന്റിനേയോ കാണിക്കാൻ ഒരു ഡി. സി. ആറും തദ്ദേശ സ്ഥാപനങ്ങളെ കാണിക്കാൻ മറ്റൊരു ഡി. സി. ആറും തീയേറ്ററുകളിൽ സൂക്ഷിക്കാറുണ്ടോ; | **സി)** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) 100 ടിക്കറ്റ് വിറ്റാൽ 50 മുതൽ 60 വരെ വിറ്റെന്ന് രണ്ടാമത്തെ ഡി. സി. ആറിൽ രേഖപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളെ കാണിക്കുകയും ബാക്കി ടിക്കറ്റുകളുടെ നികതി അടയ്ക്കാതിരിക്കുകയുമാണ് ചെയ്യുന്നതെന്ന വാർത്ത ശരിയാണോ; എങ്കിൽ ഈ ക്രമക്കേട് കണ്ടുപിടിക്കാൻ സംവിധാനങ്ങളുണ്ടോ; | **ഡി)** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

ഇ) റവന്യൂ വിഭാഗത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എന്നും തീയേറ്ററിൽ ചെന്ന് പരിശോധന നടത്തി ഡി. സി. ആറിൽ ഒപ്പിടണം എന്ന നിയമമുണ്ടോ; എങ്കിൽ ഈ നിയമം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇ) ഗ്രാമ പഞ്ചായത്തുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എല്ലാ ദിവസവും തീയേറ്ററുകളിൽ ചെന്ന് പരിശോധന നടത്തി ഡി.സി.ആറിൽ ഒപ്പിടണം എന്ന് വ്യവസ്ഥയുണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ ദൈനംദിന പരിശോധന തീയേറ്ററുകളിൽ നടത്താറുണ്ട്.

നഗരസഭകളിലെ എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരെയും ചെക്കിംഗ് സൂപ്പർവൈസർ, ചെക്കിംഗ് ഓഫീസർ, ചെക്കിംഗ് അസിസ്റ്റന്റ് എന്നിങ്ങനെ സ്ക്വാഡുകളാക്കി തീയേറ്റർ പരിശോധനയ്ക്കായി നിയോഗിക്കാറുണ്ട്. കൂടാതെ തീയേറ്ററുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നഗരസഭകളിലെ ഉന്നത ഉദ്യോഗസ്ഥർ തീയേറ്ററുകളിൽ മിന്നൽ പരിശോധനയും നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ